# മലങ്കര ശ്ലൈഹീക സിംഹാസനത്തിന്റെ മെത്രാപ്പോലീത്താ
# ഡോ. തിയഡോഷ്യസ് മാർത്തോമ്മായിൽ നിന്നും

**സർക്കുലർ നമ്പർ: 173**

*നമ്മുടെ അധികാരത്തിൽപ്പെട്ട സകല പള്ളികളുടെയും വികാരിമാരും, ദേശത്ത് പട്ടക്കാരും, പള്ളിക്കൈക്കാരും, ജനങ്ങളും കണ്ടെന്നാൽ നിങ്ങൾക്ക് വാഴ്വ്*

കർത്താവിൽ വാത്സല്യമുള്ളവരെ,

ആരോഗ്യമുള്ള സമൂഹം രാഷ്ട്രത്തിന്റെ സമ്പത്തും യേശുക്രിസ്തുവിലൂടെയുള്ള സമ്പൂർണ്ണ സൗഖ്യം ദൈവരാജ്യ ദർശനവുമാണ്. നമ്മുടെ കർത്താവിന്റെ പരസ്യ ശുശ്രൂഷയുടെ സുപ്രധാനഭാഗമായിരുന്ന സൗഖ്യദായക ശുശ്രൂഷ സഭയിലൂടെയും മറ്റ് ആതുര ശുശ്രൂഷാരംഗങ്ങളിലൂടെയും നിർവഹിച്ചുകൊണ്ടിരിക്കുന്നു. ആതുര ശുശ്രൂഷ രംഗത്തിൽ ധാരാളം വെല്ലുവിളികൾ നടക്കുന്ന ഈ കാലഘട്ടത്തിൽ സഭയിലൂടെ നടക്കുന്ന ഈ മഹത്തായ ശുശ്രൂഷയെ ഓർക്കുന്നതിനും, അതിൽ ഏർപ്പെട്ടിരിക്കുന്നവർക്കുവേണ്ടി പ്രാർത്ഥിക്കുന്നതിനും, പ്രവർത്തനങ്ങളെ സാമ്പത്തികമായി സഹായിക്കുന്നതിനുമായി 2026 ഫെബ്രുവരി 1–ാം തീയതി മെഡിക്കൽ മിഷൻ ഞായറാഴ്ചയായി സഭ ആചരിക്കുന്നു.

കുറഞ്ഞ ചെലവിൽ രോഗനിർണ്ണയവും വിദഗ്ദ ചികിത്സയും ലഭ്യമാക്കുക എന്ന ലക്ഷ്യത്തോടെ മാർത്തോമ്മാ മെഡിക്കൽ മിഷൻ ബോർഡിന്റെ ചുമതലയിൽ പ്രധാനമായി കറ്റാനം സെന്റ് തോമസ് മിഷൻ ഹോസ്പിറ്റൽ, കുമ്പനാട് മാർ ക്രിസോസ്റ്റം ഫെലോഷിപ്പ് മിഷൻ ഹോസ്പിറ്റൽ, ചുങ്കത്തറ മാർത്തോമ്മാ മിഷൻ ഹോസ്പിറ്റൽ എന്നീ ആശുപത്രികൾ പ്രവർത്തിക്കുന്നു. 250 കിടകകളുള്ള കറ്റാനം സെന്റ് തോമസ് മിഷൻ ആശുപത്രിയോടു അനുബന്ധിച്ചു ബി.എസ്.സി. നഴ്സിംഗ്, ജനറൽ നഴ്സിംഗ്, ഓകിസലറി ആൻറ് മിഡ് വൈഫ്, ബി. ഫാം, ഡി. ഫാം എന്നീ കോഴ്സുകളിലായി 690 കുട്ടികൾ പഠിക്കുന്നതിനുള്ള സൗകര്യമുണ്ട്.

150 കിടക്കകളുള്ള കുമ്പനാട് മാർ ക്രിസോസ്റ്റം ഫെല്ലോഷിപ്പ് മിഷൻ ആശുപത്രിയുടെ പ്രവർത്തനം ഭംഗിയായി നടക്കുന്നു. NABH യുടെ അംഗീകാരം ആശുപത്രിക്കു ലഭിച്ചു. ദിവസംതോറും 45 സൗജന്യ ഡയാലിസിസുകൾ ആശുപത്രിയിൽ നടത്തുന്നു. 35 കോടി രൂപ ചെലവിൽ 5 നിലയിൽ ആധുനിക സജീകരങ്ങളോടു കൂടിയ പുതിയ ബ്ലോക്കിന്റെ നിർമാണ പ്രവർത്തനങ്ങൾ പുരോഗമിക്കുന്നു. ആശുപത്രിയോട് ചേർന്നുള്ള എ.എം.എം ജീറിയാട്രിക് സെന്ററിൽ ഇപ്പോൾ 126 പേർ താമസിക്കുന്നു.

ചുങ്കത്തറയിലെ മാർത്തോമ്മ മിഷൻ ആശുപത്രി, കഴിഞ്ഞ 60 വർഷമായി സമൂഹത്തിന് സമർപ്പണത്തോടെ സേവനം ചെയ്യുന്ന 50 കിടക്കകളുള്ള ഒരു ആശുപത്രിയാണ്. തങ്കമ്മ ഇത്താപിരി മെമ്മോറിയൽ ട്രസ്റ്റ് (TIMT) ആശുപത്രിയുടെ അടിസ്ഥാന സൗകര്യങ്ങളും മെഡിക്കൽ സൗകര്യങ്ങളും വികസിപ്പിക്കുന്നതിലും നവീകരിക്കുന്നതിലും ശക്തമായ പിന്തുണ നൽകുന്നു, അതുവഴി മികച്ച രോഗി പരിചരണം സാധ്യമാക്കുന്നു. ആശുപത്രിയുടെ കാരുണ്യ സേവന സാമൂഹിക പ്രതിബദ്ധതയുടെ ഭാഗമായി, 2024 ജൂലൈയിലെ മണ്ണിടിച്ചിലിൽ ദുരിതമനുഭവിക്കുന്നവർക്കായി വയനാട്ടിലെ ചൂരൽമലയിൽ സൗജന്യ മെഡിക്കൽ ക്യാമ്പുകൾ നടത്തിവരുന്നു.

സഭയുടെ സ്പോൺസർഷിപ്പോടുകൂടി വെല്ലൂർ, ലുധിയാന എന്നീ ക്രിസ്ത്യൻ മെഡിക്കൽ കോളേജുകളിൽ വിവിധ കോഴ്സുകളിൽ കുട്ടികൾ പഠിക്കുന്നു. മെഡിക്കൽ ക്യാമ്പുകൾ, സൗജന്യ ചികിത്സാ പദ്ധതികൾ, കുറഞ്ഞ ചിലവിലുള്ള ഡയാലിസിസ് ചികിത്സ, പാലിയേറ്റീവ് കെയർ, കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററുകൾ തുടങ്ങിയവയിലൂടെ സമൂഹത്തിലെ നിർദ്ധനരുടെ ജീവിതത്തിലേക്ക് ഇറങ്ങി ചെല്ലുവാൻ സാധിക്കുന്നു. നിർദ്ധനരായ രോഗികൾക്ക് സൗജന്യമായി ഡയാലിസിസ് ലഭ്യമാക്കുന്നതിന് സഭാജനങ്ങളുടെ ഔദാര്യ പൂർവ്വമായ സഹകരണം പ്രതീക്ഷിക്കുന്നു. സംഭാവനകൾ അയക്കുവാൻ താല്പര്യപ്പെടുന്നവർക്ക് അതത് ആശുപത്രികളിലേക്കും മെഡിക്കൽ മിഷൻ ആഫീസിലേക്കും അയയ്ക്കാവുന്നതാണ്. പ്രിയരേ നമ്മുടെ ആശുപത്രികളുടെ ഭൗതീക സാഹചര്യങ്ങൾ വർദ്ധിപ്പിച്ച് ഗുണമേന്മയുള്ള ചികിത്സ സമൂഹത്തിലെ എല്ലാ വിഭാഗം ആളുകൾക്കും ലഭ്യമാക്കുന്നതിനുള്ള സഭയുടെ ഉദ്യമത്തിന് എല്ലാവരുടേയും സഹകരണം പ്രതീക്ഷിക്കുന്നു.

2026 ഫെബ്രുവരി 1–ാം തീയതി ഞായറാഴ്ച ആരാധനാമദ്ധ്യേ മെഡിക്കൽ മിഷൻ പ്രവർത്തനങ്ങളെ ഓർത്ത് പ്രാർത്ഥിക്കുകയും സ്തോത്രകാഴ്ച സമർപ്പിക്കുകയും ചെയ്യണം. ഈ വർഷം സ്തോത്രകാഴ്ച ഇനത്തിൽ 25 ലക്ഷം രൂപയാണ് പ്രതീക്ഷിക്കുന്നത്. ലഭിക്കുന്ന തുക താമസംവിന സഭാ ഓഫീസിലോ മെഡിക്കൽ മിഷൻ ഓഫീസിലോ അടക്കേണ്ടതാണ്. എല്ലാവരുടെയും ആത്മാർത്ഥമായ സഹകരണം ഇക്കാര്യത്തിൽ ഉണ്ടാകണം എന്നു ഉദ്ബോധിപ്പിക്കുന്നു.

നമ്മുടെ കർത്താവേശു മ്ശിഹായുടെ കൃപ നിങ്ങളോട് ഏവരോടും കൂടെ ഇരിക്കുമാറാകട്ടെ,

എന്ന് ക്രിസ്താബ്ദം 2026 ജനുവരി മാസം 08 –ാം തീയതി തിരുവല്ലാ പുലാത്തീനിൽ നിന്നും

Theodosius Marthoma

**ഡോ. തിയഡോഷ്യസ് മാർത്തോമ്മാ മെത്രാപ്പോലീത്താ.**